**Weekly Devotion - March 2019**

# The Pride of Edom.

## (ഏദോമിന്റെ ഉന്നതഭാവം)




ടൈറ്റാനിക് എന്ന ആഡംബര കപ്പലിന്റെ ആദ്യയാത്ര 1912 ഏപ്രിൽ 14 ആയിരുന്നു. കപ്പലിന്റെ സുരക്ഷ ഉറപ്പാക്കുവാൻ അതിന്റെ പുറംചട്ട രണ്ടുപാളികളായി വായു കട ക്കാത്ത പതിനാറ് അറകളോടെയാണ് പണിതത് എതെങ്കിലും കാരണത്താൽ ഇതിൽ നാലെണ്ണം തകർന്നാൽ പോലും ബാക്കിയുള്ള അറകൾകൊണ്ട് കപ്പൽ മുങ്ങാതെ ബാലൻസിംഗിൽ നിർത്തുവാൻ കഴിയുന്ന ഒരു എഞ്ചിനീയറിംഗ് വിദ്യയിലാണ് ബ്രിട്ടീഷു കാർ കപ്പൽ പണിതത്. പ്രപഞ്ചത്തിലെ ഒരു ശക്തിയ്ക്കും ഈ കപ്പൽ തകർക്കുവാൻ കഴി യില്ല എന്ന അഹങ്കാരം ഉള്ളതിനാൽ ആവശ്യത്തിന് ലൈഫ് ബോട്ടുകളും കരുതിയിരുന്നി ല്ല. എന്നാൽ സംരക്ഷിപ്പാനും തകർക്കുവാനും തമ്പുരാന് അധികസമയം വേണ്ട എന്ന് മന സ്സിലാക്കുക. ഏപ്രിൽ 14 ന് അർദ്ധരാത്രിയിൽ ഒരു മഞ്ഞുമല വന്നിടിച്ച് കപ്പൽ തകർന്നു. അറ്റ്ലാന്റിക്കിന്റെ ആഴങ്ങളിലേക്ക് കപ്പൽ താണ് “2200” യാത്രക്കാരിൽ 1500 പേരുടെ ജീവനും അപഹരിക്കപ്പെട്ടു. മനുഷ്യരുടെ അഹങ്കാരം ഉന്നതഭാവം ഇവയല്ലേ ഈ തകർച്ചയ്ക്ക് കാരണം .

എല്ലാം അനുകൂലമാകുമ്പോൾ സൗഭാഗ്യങ്ങൾ കൈ എത്തും ദൂരത്താകുമ്പോൾ ഹൃദയം, നിഗളം, ഉന്നതഭാവം, അഹങ്കാരം ഇവയാൽ നിറയുന്നു അപ്പോൾ എല്ലാം മായ എന്നോർക്കാതെ മറ്റുള്ളവരുടെ തകർച്ച് കണ്ട് സന്തോഷിക്കുകയും, അവരെ തകർക്കു കയും ചെയ്യുന്നു. ഹൃദയത്തിലെ അഹങ്കാരം അപകടമുന്നറിയിപ്പുകളെ അവഗണിക്കുന്നു. തുടർന്ന് അനിവാര്യമായ വീഴ്ചയും സംഭവിക്കുന്നു.

സഹോദരന്മാരായ ഏശാവും യാക്കോബും വർഷങ്ങളോളം ശത്രുതയിലായിരുന്നു. എന്നാൽ കാലം അവരുടെ ശത്രുതയ്ക്കറുതി വരുത്തി. പക്ഷെ അവരുടെ തലമുറകൾ

അത് തുടർന്നു. യാക്കോബിൽ നിന്ന് യിസ്രായേൽ രാഷ്ട്രവും, ഏശാവിൽ നിന്ന് ഏദോം രാഷ്ട്രവും ഉണ്ടായി. ഏദോമ്യരുടെ പകയും അഹങ്കാരവും ശ്രദ്ധിച്ച യഹോവ അവർക്ക് മുന്നറിയിപ്പ് നൽകുവാൻ തന്റെ പ്രവാചകനായ ഓബദ്യാവിനെ ഉപയോഗിക്കുന്നു.

ഏശാവ് തന്റെ പിതാവ് തന്നോടു പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിച്ചില്ല എന്ന് തോന്നും ഏദോമ്യരുടെ പക അറിയുമ്പോൾ. **"നിന്റെ കെട്ട് അഴിഞ്ഞു പോകുമ്പോൾ നീ അവന്റെ നുകം കഴുത്തിൽ നിന്ന് കുടഞ്ഞു കളയും"** എന്ന് ഉല്പ: (27:40) കാണുന്നു നുകം നിന്റെ കഴുത്തിൽ നിന്ന് മാറുവാൻ ബന്ധനം തകരണം.

Read നഹും (1:13), ആവ:(32:39)

ബന്ധനം തകർത്ത് സ്വാതന്ത്ര്യം തരുന്നതാണ് വചനം സുവിശേഷം ഹൃദയത്തിലെത്തിയാൽ ഒരു വ്യക്തി സ്വതന്ത്രനാകും. Read ലൂക്കോ:(4:18), ഗലാ:(5:1)

അജയ്യമായ വൻ ശിലാദുർഗ്ഗങ്ങളിൽ പാർത്തിരുന്നതിനാൽ തങ്ങളുടെ ദേശം സുരക്ഷിതമെന്ന് ഏദോമ്യർ കരുതി. സ്വയം പര്യാപ്തരും സുരക്ഷിതരും എന്ന ചിന്ത അവരെ അഹങ്കാരികളാക്കി. എന്തു ചെയ്താലും കുഴപ്പമില്ല എന്ന അഹങ്കാരിയുടെ ചിന്ത ഏദോമ്യരിലും ഉണ്ടായി. ജഡീക ഭദ്രത ക്ഷണഭംഗുരം എന്ന് യേശു ഉപമകളാൽ പഠിപ്പിച്ചത് ലൂക്കോ12:16-20 വരെയുള്ള ഭാഗത്ത് കാണാവുന്നതാണ്.

അഹങ്കാരികളായ ഏദോമ്യർ, യിസ്രായേല്യരുടെ (സ്വന്ത സഹോദരങ്ങളുടെ) കഷ്ടത്തിൽ സന്തോഷിച്ചു. ദയയും സഹായവും നൽകേണ്ട സമയത്ത് അത് അവഗണിക്കുകയും ചെയ്തു. അവരുടെ അപായ ദിവസത്തിൽ നീ കണ്ടുരസിക്കുകയും, വമ്പുപറയുകയും, സമ്പത്തിന്മേൽ കൈവയ്ക്കുകയും ചെയ്തത് തെറ്റാണെന്ന് പ്രവാചകൻ വ്യക്തമാക്കുന്നു. Read ഒബ:(10-13). യാക്കോ :(4:17) ൽ നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവന് അത് പാപം തന്നെ എന്ന് കാണുന്നു. "എളിയവന്റെ നിലവിളിക്ക് ചെവി പൊത്തിക്കളയുന്നവൻ, താനും വിളിച്ചപേക്ഷിക്കും ഉത്തരം ലഭിക്കുകയില്ല".( സദൃ:(21:13) ൽ)

യെറുശലേമിനെ നശിപ്പിക്കുവാൻ ഏദോമ്യർ ബാബിലോന്യരെ പ്രോത്സാഹിപ്പിച്ചു. ഈ പ്രവൃത്തിയ്ക്ക് യഹോവ അവരെ നിശ്ചയമായും ന്യായം വിധിക്കും. Read (ഒബ:15) യഹോവയുടെ നാൾ അടുത്തിരിക്കുന്നു. സമയം ചുരുക്കമാകയാൽ ഇത് ഒരുങ്ങുവാനുള്ള സമയമാണ്. സഭ എഴുന്നേറ്റ് ഒരുങ്ങുവാൻ ഉദ്ബോധിപ്പിക്കുക. ധൈര്യമുള്ളവരാക്കുക, സുവിശേഷം അറിയ്ക്കുക. അതിനായി താഴ്മയോടെ ഏല്പിച്ചുകൊടുക്കുക. ദൈവം അനുഗ്രഹിക്കട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind